"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ . പി . ഒ മാത്യുവിനെതിരായ അച്ചടക്ക നടപടി- തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.908/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/04/2021

---

പരാമർശം:- 1 വിജിലൻസ് & ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ 24/03/2017 ലെ എൽ.സി 16/17/കൊല്ലം/എൽ എസ് ജി ഡി നമ്പർ കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 02/07/2018 ലെ ഡി6-11961/17 നമ്പർ നടപടിക്രമം

3 27/10/2018 ലെ ഇപിബി2/180/2018-തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ . പി . ഒ മാത്യുവിന്റെ 03.12.2018 ലെ എതിർവാദ പത്രിക

5 സ.ഉ(സാധാ) നം. 222/2019/തസ്വഭവ തീയതി 01.02.2019

6 കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 05.03.2019 ലെ ഡി1-4222/2017 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിൽ നിലം നികത്തു ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട പരാതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ . പി . ഒ മാത്യുവിനെതിരെ കെ . സി . എസ് & സി . സി . എ റൂൾസ് ചട്ടം 15 പ്രകാരം കുറ്റപത്രം നൽകി പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

<u>കുറ്റാരോപിതനെതിരായ ആരോപണങ്ങളുടെ സംക്ഷിപ്തം</u>

മൈലം ഗ്രാമപഞ്ചായത്തിൽ മൈലം വില്ലേജിൽ കണ്ണങ്കോട്ട് തെക്കതിൽ ശ്രീ . ബിജു ലൂക്കോസിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 106/2-1, 106/2-3 എന്ന വസ്തുവിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടനിർമ്മാണാനുമതിക്കായി 25.09.2014- ൽ നൽകിയ അപേക്ഷയിൽ 01.11.2014- ൽ എ 5-117/5814/14 നമ്പറായി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. അപേക്ഷയോടൊപ്പം നൽകിയിരുന്ന മേൽ സർവ്വേ നമ്പറിൽപ്പെട്ട വസ്തുവിന്റെ ആധാരത്തിൽ നിലം എന്നാണ് രേഖപെടുത്തിയിരിക്കുന്നത് . കെട്ടിട നിർമാണ പ്ലാൻ വാണിജ്യാവശ്യത്തിനുള്ളതാണ് . ആയത് പരിശോധിക്കാതെ വസ്തുവിന്റെ തരം "നിലം" ആയ സ്ഥലത്ത് വാണിജ്യാവശ്യത്തിനുള്ള പെർമിറ്റ് നൽകിയതിലൂടെ 2008- ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെയും 1967- ലെ കേരള ഭൂവിനിയോഗ നിയമത്തിലേയും വ്യവസ്ഥകൾ ലംഘിച്ചു എന്നിവയാണ് ടിയാനെതിരായ ആരോപണം .

ശ്രീ . പി . ഒ മാത്യുവിനെതിരെ വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ തലത്തിൽ നടപടി സ്വീകരിച്ചു വരവെ ടിയാൻ 31.05.2018- ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ

തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ചതിൽ ശ്രീ . പി . ഒ മാത്യുവിന്റെ ഭാഗത്തു നിന്ന് അപേക്ഷ കൈകാര്യം ചെയ്യുന്നതിലും മേൽനോട്ട ചുമതലയിലും വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നുവെന്നും സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ പഞ്ചായത്ത് ഡയറക്ടർ തലത്തിൽ ടിയാനെതിരായി തുടർന്ന് വന്ന അച്ചടക്കനടപടികൾ പരാമർശം (2) നടപടിക്രമം പ്രകാരം അവസാനിപ്പിച്ച് കെ . എസ് . ആർ പാർട്ട് III ചട്ടം 3 പ്രകാരം തുടർനടപടികൾ സ്വീകരിക്കണമെന്ന ശുപാർശ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

തുടർന്ന് സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും ശ്രീ . പി . ഒ മാത്യുവിനെതിരെ കെ . എസ് . ആർ പാർട്ട് III ചട്ടം 3 ( എ ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്കനടപടി ആരംഭിക്കുകയുമുണ്ടായി . കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ പരാമർശം (4) പ്രകാരം എതിർവാദ പത്രിക ലഭ്യമാക്കിയിട്ടുണ്ട്.

<u>എതിർവാദ പത്രികയിൽ വിശദമാക്കിയ വസ്തുതകളുടെ സംക്ഷിപ്തം</u>

മൈലം വില്ലേജിൽ ബ്ലോക്ക് 15- ൽ തണ്ടപ്പേർ 12194- ൽ ഉൾപ്പെട്ട സർവ്വേ 106/2-1, 106/2-2, 106/3 നമ്പറുകളിൽ ഉൾപ്പെട്ട 2 ആർ 99 ച . മീ സ്ഥലത്ത് വാണിജ്യാവശ്യത്തിന് കെട്ടിട നിർമാണ പെർമിറ്റിനായി വസ്തുവിന്റെ ഉടമസ്ഥനായ മൈലം ഇഞ്ചക്കാട് , കണ്ണങ്കോട്ട് തെക്കതിൽ ശ്രീ . ബിജു ലൂക്കോസ് 25.09.2014- ൽ സമർപ്പിച്ച പെർമിറ്റ് അപേക്ഷയും ബന്ധപ്പെട്ട രേഖകളും സാങ്കേതിക വിഭാഗത്തിലേയ്ക്ക് കൈമാറുകയും സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയിൽ പെർമിറ്റ് ആവശ്യപ്പെട്ട നൽകിയ പ്രസ്തുത സ്ഥലം കരഭൂമിയാണെന്നും നിർദിഷ്ട പ്ലാൻ കെ . പി . ബി . ആർ പ്രകാരം പെർമിറ്റിന് അർഹതയുള്ളതിനാൽ അനുവദിക്കാവുന്നതാണെന്നും ശുപാർശ ചെയ്തിരുന്നു . ഈ ശുപാർശ സഹിതം സെക്ഷൻ ക്ലാർക്കിന്റെ കുറിപ്പോടെ ഫയൽ സമർപ്പിക്കുകയും 01.10.2014- ൽ പെർമിറ്റ് അനുവദിക്കുകയും ചെയ്തു .

പരാതി ലഭിച്ചതിനെ തുടർന്ന് മൈലം വില്ലേജ് ഓഫീസിൽ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം പുരയിടം എന്ന് രേഖപെടുത്തിയതിൽ സംശയം തോന്നുകയും നിജസ്ഥിതി ആവശ്യപ്പെട്ട് വില്ലേജ് ഓഫീസർക്ക് നൽകിയ കത്തിന് മറുപടിയായി 20.04.2015- ൽ ടി വസ്തു നിലമാണെന്ന് രേഖപ്പെടുത്തി പുതിയ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുകയുമുണ്ടായി . തുടർന്ന് വസ്തു ഉടമസ്ഥന് നൽകിയ നോട്ടീസിന് നൽകിയ വിശദീകരണത്തിൽ റവന്യൂ പിശകാണ് 'നിലം' എന്ന് രേഖപ്പെടുത്താൻ കാരണം എന്നും മൈലം കൃഷി ഓഫീസർ 12.05.2015- ൽ കരട് ഡാറ്റാബാങ്ക് അടിസ്ഥാനപ്പെടുത്തി നൽകിയ സർട്ടിഫിക്കറ്റിൽ ടി സ്ഥലം തെങ്ങു കൃഷി ചെയ്തിരുന്ന സ്ഥലമാണെന്ന് രേഖപെടുത്തിയിട്ടുള്ളതായും ഈ സ്ഥലത്ത് പഴക്കമുള്ള ഒരു കെട്ടിടം നിലനിന്നിരുന്നതായും ബോധിപ്പിച്ചിട്ടുണ്ട് . തുടർന്ന് ബഹു . കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ . പി ( സി ) 17854/2015 എഫ് നമ്പറായി ടിയാൻ ഹർജി ഫയൽ ചെയ്തിട്ടുള്ളതുമാണ് . മൈലം വില്ലേജ് ഓഫീസർ പുറപ്പെടുവിച്ച ആദ്യ കൈവശാനുഭവ സർട്ടിഫിക്കറ്റിൽ വസ്തുവിന്റെ തരം പുരയിടം എന്ന് രേഖപെടുത്തിയതുകൊണ്ടാണ് പെർമിറ്റ് അനുവദിക്കാൻ ഇടയായത് , ഭൂമിയുടെ തരം സംബന്ധിച്ച് ആധികാരികമായ രേഖ എന്ന നിലയിലാണ് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് പെർമിറ്റ് നൽകുന്നതിന് ആധാരമായി എടുത്തത് .

നിലം നികത്തു പുരയിടം എന്ന് പ്രത്യക്ഷത്തിൽ തോന്നാത്ത വിധം നിരവധി കെട്ടിടങ്ങളുടെ സമീപത്തുള്ള തെങ്ങിൻ പുരയിടമാണിത് . ഇതിനോട് ചേർന്ന് അനവധി കോൺക്രീറ്റ് കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട് . സാങ്കേതിക വിഭാഗത്തിന്റെയും സെക്ഷന്റെയും പരിശോധനയിൽ ഇപ്രകാരം എന്തെങ്കിലും പിശക് ശ്രദ്ധയിൽ പെടുകയോ ഫയലിൽ പ്രതികൂലമായ രേഖപെടുത്തലുകൾ വരുത്തുകയോ ചെയ്തിരുന്നില്ല . ആയതിനാൽ പെർമിറ്റ് നൽകുന്ന വേളയിൽ യാതൊരു സംശയവും തോന്നിയിരുന്നില്ല. തദ്ദേശസ്വയംഭരണ ( ആർ . എ ) വകുപ്പിന്റെ 15.06.2013 ലെ 32131/ ആർഎ 1/2012/ തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശം താൻ കൃത്യമായി പാലിച്ചതുകൊണ്ടാണ് സാങ്കേതിക വിഭാഗത്തിന്റെയും സെക്ഷൻ ക്ലാർക്കിന്റെയും ശുപാർശ അംഗീകരിച്ച് പെർമിറ്റ് അനുവദിച്ചത്. പിന്നീട് ലഭിച്ച ഒരു രഹസ്യ വിവരത്തെ തുടർന്നാണ് കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ നിജസ്ഥിതി പുനഃപരിശോധിക്കാൻ പ്രേരണയായത് . ഇക്കാരണത്താൽ സെക്രട്ടറി എന്നുള്ള നിലയിൽ യാതൊരു വീഴ്ചയും തന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല . പിശക് ശ്രദ്ധയിൽപെട്ടപ്പോൾ ഉടൻ തന്നെ ആയത് പരിഹരിക്കാൻ

നടപടിയെടുത്തിട്ടുണ്ട് . പഞ്ചായത്തിന് യാതൊരു സാമ്പത്തിക നഷ്ടവും തന്റെ നടപടിമൂലം സംഭവിച്ചിട്ടില്ലായെന്നും പഞ്ചായത്തിന്റെ ഉത്തമ താല്പര്യം മുൻനിർത്തി റെക്ടിഫിക്കേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും 4 വർഷക്കാലത്തേക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ ടിയാന്റെ പെൻഷനിൽ നിന്ന് കുറവ് ചെയ്യാനുള്ള താത്കാലിക തീരുമാനം തികച്ചും സങ്കടകരമാണെന്നും 30 വർഷത്തിലധികം പഞ്ചായത്ത് വകുപ്പിൽ സേവനം ചെയ്ത തന്റെ സംശുദ്ധവും അഴിമതി വിരുദ്ധവുമായ നിലപാടുകൾ വകുപ്പിലെ മേലുദ്യോഗസ്ഥർക്കും സഹപ്രവർത്തകർക്കും ബോധ്യമുള്ളതാണെന്നും ഈ സാഹചര്യത്തിൽ കാരണം കാണിക്കൽ നോട്ടീസിൽ പറയുന്ന ശിക്ഷാനടപടി ഒഴിവാക്കണമെന്നും അപേക്ഷിച്ചു .

ശ്രീ . പി . ഒ മാത്യു സമർപ്പിച്ച വിശദീകരണ പത്രിക സർക്കാർ വിശദമായി പരിശോധിച്ചു. അച്ചടക്ക നടപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ പരാമർശം (5) പ്രകാരം ചുമതലപ്പെടുത്തുകയും തുടർന്ന് പരാമർശം (6) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് . ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ചുവടെ പറയുന്ന കണ്ടെത്തലുകളുണ്ടായി .

<u>ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ.</u>

1. മൈലം ഗ്രാമപഞ്ചായത്തിലെ ശ്രീ . ബിജു ലൂക്കോസിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 106/2-1, 106/2-2, 106/3 എന്നീ നമ്പറിൽ ഉൾപ്പെട്ട ഭൂമി പുരയിടമാണെന്ന വില്ലേജ് ആഫീസറുടെ കൈവശാവകാശ സർട്ടിഫിക്കറ്റിന്റെയും ഓവർസീയറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ആണ് സെക്രട്ടറി ശ്രീ . ബിജു ലൂക്കോസിന് കെട്ടിട നിർമ്മാണാനുമതി നൽകുവാൻ ഇടയായത് .

2. 07.06.2018- ൽ കൃഷി ഓഫീസർ നൽകിയ സർട്ടിഫിക്കറ്റിൽ മൈലം വില്ലേജിലെ 106/2-1, 106/2-2, 106/3- ൽ ഉൾപ്പെട്ട സ്ഥലം കരട് ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കി 27.12.2017- ൽ കൂടിയ പ്രാദേശിക നിരീക്ഷണ സമിതി യോഗം തീരുമാനിച്ചിരുന്നുവെന്ന സാക്ഷ്യപത്രം നൽകിയിട്ടുണ്ട് . ടി സാഹചര്യത്തിൽ 2008- ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രസ്തുത സ്ഥലത്തിന് ബാധകമല്ലെന്ന് കാണുന്നു .

3. മൈലം വില്ലേജ് ഓഫീസർ 20.04.2015 തീയതിയിൽ പ്രസ്തുത സ്ഥലം നിലമാണെന്ന സാക്ഷ്യപത്രം നൽകിയ ഉടൻ തന്നെ അപേക്ഷകന് പെർമിറ്റ് റദ്ദാക്കാതിരിക്കുവാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് സെക്രട്ടറി നോട്ടീസ് നൽകിയതായി കാണുന്നു . ആയത് കൂടാതെ ശ്രീ . ബിജു ലൂക്കോസ് ബഹു . കോടതിയിൽ ടി നോട്ടീസിനെതിരെ ഡബ്ല്യൂ . പി .( സി ) നമ്പർ 17854/2015 ( എഫ് ) നമ്പറായി അന്യായം ഫയൽ ചെയ്യുകയും സ്റ്റേ ഉത്തരവ് സമ്പാദിച്ച സാഹചര്യത്തിലും പെർമിറ്റ് റദ്ദാക്കുന്നതിനുള്ള നോട്ടീസിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് നിയമപരമായി തന്നെ തടസ്സം നേരിട്ടതായി കാണുന്നു .

4. കൊല്ലം സബ് കളക്ടർ & സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ 08.11.2018- ലെ ഉത്തരവ് നം. കെ -185532/ 2018/ കെഡിഎസ് പ്രകാരം പ്രസ്തുത സ്ഥലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമത്തിലെ വകുപ്പ് 27 പ്രകാരം 2008- ന് മുൻപ് നികത്തപ്പെട്ടതും ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഒഴിവാക്കപ്പെട്ടതുമായ സ്ഥലങ്ങളുടെ ഇനം റവന്യൂ റെക്കോഡുകളിൽ മാറ്റം വരുത്തുന്നതിലേയ്ക്ക് ഫീസ് ചുമത്തി ഉത്തരവായിട്ടുള്ളതും ടി ഭേദഗതി ബഹു . ഹൈക്കോടതി ശരിവെച്ചിട്ടുള്ളതിനാൽ ഭൂമിയുടെ തരം റവന്യൂ റെക്കോർഡുകളിൽ മാറ്റം വരുത്തുന്നതിലേയ്ക്ക് നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമത്തിലെ ചട്ടങ്ങൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രത്യേക അപേക്ഷ നൽകി ടി സ്ഥലം 1967- ന് മുൻപ് നികത്തപ്പെട്ടതാണ് എങ്കിൽ ടി ഭേദഗതി നിയമം നിഷ്കർഷിക്കുന്ന തെളിവുകൾ ഹാജരാക്കി ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ് എന്നും ഉത്തരവായിട്ടുള്ളതാണ് .

മേൽ ഉത്തരവുകൾ അനുസരിച്ച് ശ്രീ . ബിജു ലൂക്കോസിന് പ്രസ്തുത സ്ഥലം നിയമപരമായിത്തന്നെ റവന്യൂ റെക്കോർഡുകളിൽ തരം മാറ്റുന്നതിന് കഴിയുന്ന സാഹചര്യം ഉണ്ടായി.

ശ്രീ . പി . ഒ മാത്യൂ നൽകിയ നേർവിചാരണ മൊഴി ഓഫീസിലെ ബന്ധപ്പെട്ട രേഖകളുടെ വെളിച്ചത്തിൽ പരിശോധിച്ചതിൽ മൊഴി വസ്തുതാപരമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് എന്നും കുറ്റാരോപണ പത്രികയിലെ ശ്രീ . പി . ഒ മാത്യുവിന് എതിരെ ഉന്നയിച്ച ആരോപണങ്ങളിൽ ടിയാൻ ബോധപൂർവ്വമായി യാതൊരു വീഴ്ചയും വരുത്തിയതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതാണെന്നും അതിനാൽ ടിയാനെതിരെ തീരുമാനിച്ച താത്കാലിക ശിക്ഷ റദ്ദ് ചെയ്യണമെന്നുള്ള ടിയാളുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

ശ്രീ . മാത്യുവിനെ 25.10.2019- ന് നേരിൽ കേൾക്കുകയുണ്ടായി . നേരിൽ കേട്ട അവസരത്തിലും ടിയാൻ മന:പ്പൂർവ്വം തെറ്റ് ചെയ്തിട്ടില്ലെന്നും ശിക്ഷ ഒഴിവാക്കിത്തരണമെന്നും അപേക്ഷിച്ചു .

സർക്കാർ ഇക്കാര്യം ശ്രീ . പി . ഒ മാത്യുവിന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് കുറ്റാരോപിതൻ സമർപ്പിച്ച എതിർവാദ പത്രികയുടേയും ഔപചാരിക അന്വേഷണറിപ്പോർട്ടിന്റെയും ഹിയറിംഗ് സമയത്ത് ടിയാൻ സമർപ്പിച്ച വാദങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വില്ലേജ് ഓഫീസർ ലഭ്യമാക്കിയ ഭൂമിയുടെ തരം സംബന്ധിച്ച സർട്ടിഫിക്കറ്റിനെ ആശ്രയിച്ചും എൻജിനീയറിംഗ് വിഭാഗത്തിന്റെ ശുപാർശ പരിഗണിച്ചുമാണ് ശ്രീ . ബിജു ലൂക്കോസിന് സർവ്വേ നമ്പർ 106/2-1, 106/2-3 വസ്തുവിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടനിർമാണ അനുമതി നൽകിയതെന്ന വാദം അംഗീകരിക്കാവുന്നതാണ് . എന്നാൽ പ്രസ്തുത വസ്തുവിന്റെ ആധാരം പരിശോധിക്കുന്നതിൽ സെക്രട്ടറി എന്ന നിലയിൽ ശ്രീ . പി . ഒ മാത്യുവിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട് . എന്നിരുന്നാലും തെറ്റ് മനസിലായ ഉടൻ തന്നെ തിരുത്തൽ നടപടി ആരംഭിച്ചതും കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ ടിയാന് തുടർ നടപടി സ്വീകരിക്കാൻ കഴിയാതിരുന്ന സാഹചര്യവും പരിഗണിച്ചും ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിലും കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ . പി . ഒ മാത്യുവിനെതിരെ സർക്കാർ തലത്തിൽ കെ . എസ് . ആർ പാർട്ട് III ചട്ടം 3 ( എ ) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ . പി . ഒ മാത്യൂ മുൻ സെക്രട്ടറി, മൈലം ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. ഡയറക്ടർ, എ൦.കെ.എം,തിരുവനന്തപുരം

4. വിജിലൻസ് വകുപ്പ് ( 21.01.2021 തീയതിയിലെ ഡി3/368/2020-വിജിലൻസ് നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം ).

5. വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ ) വകുപ്പ്

6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

Signature valid

ഉത്തരവിൻ പ്രകാരം

Digitally signed by SUDHEER S S
Date: 2021.04.26 16:26:57 IST
Reason: Approved

സെക്ഷൻ ഓഫീസർ